# Malayala Manorama

# 14 August 2018

# Kochi: After Flood,Cleaning

## ചെളി കയറിയ വീടുകളുടെ ശുചീകരണം ഇന്നു മുതൽ

കൊച്ചി • പെരിയാറിൽ ജലനിരപ്പുയർന്നതിനെ തുടർന്നു വെള്ളവും ചെളിയും കയറിയ മേഖലകളിൽ പൊതുസ്ഥലങ്ങളും വീടുകളും ശുചീകരിക്കുന്നതിനുള്ള തീവ്രയത്ന പരിപാടി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഇന്ന് ആരംഭിക്കും. ദുരിതബാധിതരായ കുടുംബങ്ങൾക്കു സർക്കാർ നിശ്ചയിച്ചിട്ടുള്ള അടിയന്തര ധനസഹായം എത്രയുംവേഗം ലഭ്യമാക്കുമെന്ന് ആലുവ താലൂക്ക് ഓഫിസിൽ ചേർന്ന അവലോകന യോഗത്തിനു ശേഷം കലക്ടർ മുഹമ്മദ് സഫിറുല്ല അറിയിച്ചു.

നാശനഷ്ടങ്ങൾ വിലയിരുത്തി പുനർനിർമാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികളും ഉടനെ ആരംഭിക്കും. വസ്ത്രങ്ങൾ, പാത്രങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവ നഷ്ടമാകുകയോ നശിക്കുകയോ ചെയ്ത കുടുംബങ്ങൾക്കു 3800 രൂപയാണ് അടിയന്തര സഹായമായി നൽകുക. വില്ലേജ് ഓഫിസർമാരാണ് അർഹതയുള്ളവരെ കണ്ടെത്തുക. അടിയന്തര സഹായം ഒരാഴ്ചയ്ക്കകം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നു തഹസിൽദാർമാർക്കു കലക്ടർ നിർദേശം നൽകി.

പ്രളയജലം കയറിയ മേഖലകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പ്, ശുചിത്വമിഷൻ എന്നിവ സംയുക്തമായി പ്രത്യേക പദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെയും നാട്ടുകാരുടെയും സഹകരണത്തോടെയാണു ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക. അൻപോട് കൊച്ചി, എൻഎസ്എസ്, എൻസിസി, നെഹ്റു യുവകേന്ദ്ര തുടങ്ങിയവയും മറ്റു വിവിധ സംഘടനകളും ശുചീകരണ പ്രവർത്തനങ്ങൾക്കു സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഓരോ വീടിന്റെയും സ്ഥിതി വിലയിരുത്തി അതിനനുസൃതമായ പ്രവർത്തനങ്ങൾക്കു രൂപം നൽകണമെന്നു കലക്ടർ നിർദേശിച്ചു.

പ്രളയജലം കയറിയ കിണറുകൾ വറ്റിച്ചശേഷം ക്ലോറിനേഷൻ നടത്തും. ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കും നടപടി സ്വീകരിക്കും. പ്രളയജലത്തിനൊപ്പം ഇഴജന്തുക്കളും മറ്റും വീടുകളിൽ കയറിക്കൂടിയിട്ടുണ്ടോ എന്നു പ്രത്യേകം പരിശോധിക്കും. വീടുകളും പരിസരവും പ്രഷർ വാഷിങ് നടത്തേണ്ടതാണെന്നും കലക്ടർ ചൂണ്ടിക്കാട്ടി. കാനകളും തോടുകളും തൊഴിലുറപ്പു പദ്ധതിക്കു കീഴിൽ വൃത്തിയാക്കും. ഇത്തരം പ്രവർത്തനങ്ങൾക്കു തഹസിൽദാർമാർ മേൽനോട്ടം വഹിക്കും. പ്രളയജലം കയറിയ സ്ഥലങ്ങളിലെ സ്ഥിതിയും ശുചീകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും വിലയിരുത്തുന്നതിനു സ്വതന്ത്ര നിരീക്ഷകരെ ചുമതലപ്പെടുത്തുമെന്നും കലക്ടർ വ്യക്തമാക്കി. അഡീഷനൽ ജില്ലാ മജിസ്ട്രേട്ട് എം.കെ. കബീർ, ഫോർട്ടുകൊച്ചി ആർഡിഒ എസ്. ഷാജഹാൻ, ഡപ്യൂട്ടി കലക്ടർമാരായ പി.ഡി. ഷീലാദേവി, കെ. മധു, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. എൻ.കെ. കുട്ടപ്പൻ, അഡീഷനൽ ഡിഎംഒ ഡോ. എസ്. ശ്രീദേവി തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.